PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

Second Session—1963.
(Second Meeting)

Thursday, the 7th November, 1963

Vol. XVII] OFFICIAL REPORT [No. 25

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Thursday, the 7th November 1963 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day)

ORAL ANSWERS

മദ്യനിരോധനം.

* 860. [1] ശ്രീ. പാറയിൽ ഷംസുദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യനിരോധനം ഊർജ്ജിതപ്പെടുത്തുന്നതിനു് എത്ര Flying Squad-നെ നിയമിച്ചിട്ടുണ്ടു് ;

(ബി) 1963-ൽ ഇവർ എത്ര കേസ്സുകൾ പിടിച്ചിട്ടുണ്ടു് ;

(സി) ഇതിൽ എത്രയെണ്ണം ശിക്ഷിക്കപ്പെട്ടിട്ടുണ്ടു് ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) എക്സൈസ് ഡിപ്പാർട്ടുമെൻറിൽ നാലു ഫ്ളൈയിംഗ് സ്ക്വാഡുകളും പോലീസ് ഡിപ്പാർട്ടുമെൻറിൽ മൂന്നു മൊബൈൽ സ്ക്വാഡുകളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടു്.

(ബി) 1,617 കേസ്സുകൾ. ഇതിൽ വിചാരണയിലിരിക്കുന്നവയും ഉൾപ്പെടുന്നു.

(സി) 784.

ശ്രീ. പാറയിൽ ഷംസുദീൻ : മദ്യനിരോധനം ഊർജ്ജിതപ്പെടുത്തുന്നതിനു് നിയമിച്ചിട്ടുള്ള ഫ്ളൈയിംഗ് സ്ക്വാഡുകളുടെ പ്രവർത്തനം തൃപ്തികരമാണെന്നു് ഗവൺമെൻറിനു് അഭിപ്രായമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. അച്യുതൻ : ഫ്ളൈയിംഗ് സ്ക്വാഡുകളുടെ പ്രവർത്തനം തൃപ്തികരമല്ലെന്നു് ഗവണ്മെൻറിനു് വിചാരമില്ല. എങ്കിലും ഇപ്പോഴുള്ള ഫ്ളൈയിംഗ് സ്ക്വാഡുകളുടെ എണ്ണം പോരായെന്നു് അഭിപ്രായമുണ്ടു്. ഇപ്പോഴുള്ളതിനു് എല്ലാ സ്ഥലങ്ങളിലും പോയി പ്രവർത്തനം നടത്തുന്നതിനു് സാധിക്കുന്നില്ല. അവയുടെ എണ്ണം കൂട്ടുന്നതിനു് സാമ്പത്തികമായ പരിഗണനവെച്ചുകൊണ്ടുമാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : മദ്യനിരോധന ലംഘന കേസ്സുകൾ കണ്ടുപിടിക്കുന്നതിനു് പോലീസ് നായ്ക്കളെ ഏർപ്പെടുത്തുന്നതു് നല്ലതായിരിക്കുമെന്നു് ഗവണ്മെൻറിൽനിന്നും പരീക്ഷിച്ചുനോക്കിയിട്ടുണ്ടോ ? എങ്കിൽ ഇതിൽ പോലീസ് നായ്ക്കളെ ഏർപ്പെടുത്താനുള്ള നടപടികളെടുക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : മദ്യനിരോധന ലംഘനകേസ്സുകൾ കണ്ടുപിടിക്കുന്നതിനു് പോലീസ് നായ്ക്കളെവിട്ടു പരീക്ഷിച്ചു നോക്കിയിട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഫ്ളൈയിംഗ് സ്ക്വാഡുകൾ പിടിക്കുന്ന വളരെയധികം കേസ്സുകളും കോടതിയിൽ ചെല്ലുമ്പോൾ ശിക്ഷിക്കാതെ വെറുതെ വിടുന്നുണ്ടു്. അങ്ങനെ ചെയ്യാതെ വളരെ ഉത്തരവാദിത്വത്തോടുകൂടി ഇവർ പിടിച്ചുകൊണ്ടു ചെല്ലുന്ന കേസ്സുകൾ അന്വേഷിച്ചു് വേണ്ട ശിക്ഷണ നടപടികൾ എടുക്കാനുള്ള നടപടികളെടുക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഇങ്ങനെ പിടിച്ചുകൊണ്ടുചെല്ലുന്ന ചില കേസ്സുകളിൽ കോടതിയിൽ വിചാരണയുടെ കുറവുകൊണ്ടു് വിടുന്നുണ്ടു്. അല്ലാതെ എല്ലാ കേസ്സുകളും വെറുതെ വിടുന്നില്ല. വളരെ നിഷ്കർഷമായ നിലയിൽ കേസ്സുകളെപ്പറ്റി അന്വേഷണം നടത്തി വേണ്ട നടപടികളെടുക്കണമെന്നാണു് സർക്കാരിൽനിന്നും കൊടുത്തിട്ടുള്ള നിർദ്ദേശം.

ശ്രീ. എം. നാരായണക്കുറുപ്പു് : മദ്യനിരോധന നിയമം ലംഘിക്കുന്ന ആളുകൾക്കു് കൂടുതൽ ശിക്ഷ നൽകാനുള്ള പുതിയ നിയമം നടപ്പിലാക്കിയിട്ടുണ്ടെന്നു് അറിയുന്നു. ഈ പുതിയ നിയമം നടപ്പിലാക്കിയതിനുശേഷം ഇത്തരം കുറ്റങ്ങൾ ചെയ്യുന്നവരുടെ എണ്ണം കൂടുതലാണോ കുറവാണോ ?

ശ്രീ. കെ. ടി. അച്യുതൻ : എണ്ണത്തിൽ വലിയ കുറവുണ്ടായിട്ടില്ല.

ശ്രീ. കെ. എം. ജോർജ്ജ് : ഹൈറേഞ്ചു് തുടങ്ങിയ പ്രദേശങ്ങളിൽ വളരെയധികം വ്യാജവാറുകൾ നടക്കുന്നുണ്ടു്. എന്നാൽ അവിടെയൊന്നുംതന്നെ ഫ്ളൈയിംഗ് സ്ക്വാഡുകൾ സ്റ്റേഷൻ ചെയ്യുന്നില്ല. വളരെ ദൂരസ്ഥലങ്ങളായ മൂവാറ്റുപുഴ, കോട്ടയം ഇവിടെനിന്നും ഫ്ളൈയിംഗ് സ്ക്വാഡുകൾ സംഭവസ്ഥലത്തു ചെല്ലുമ്പോൾ ചില കേസ്സുകൾ കണ്ടുപിടിക്കാൻ വളരെ പ്രയാസം നേരിടുന്നുണ്ടു് എന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ ? അതുകൊണ്ടു് ഹൈറേഞ്ചിൽകൂടെ ഒരു ഫ്ളൈയിംഗ് സ്ക്വാഡ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികളെടുക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഹൈറേഞ്ചു് മുതലായ സ്ഥലങ്ങളിൽ ഫ്ളൈയിംഗ് സ്ക്വാഡു് സ്റ്റേഷൻ ചെയ്യാത്തതുകൊണ്ടു് എവിടെയെങ്കിലും വ്യാജവാറു നടത്തുന്നുണ്ടെന്നു് വിവരം കിട്ടി ചെല്ലുമ്പോഴേക്കും പിടിക്കാൻ സാധിക്കാതെ വരുന്നുണ്ടു്. കോട്ടയത്തു, മൂവാറ്റുപുഴയും ഉള്ള ഫ്ളൈയിംഗ് സ്ക്വാഡുകൾ വളരെ നിഷ്കർഷയോടുകൂടി ഹൈറേഞ്ചിൽ നടക്കുന്ന വ്യാജവാറു കണ്ടുപിടിക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ടു്. അവിടെ ഒരു ഫ്ളൈയിംഗ് സ്ക്വാഡു് സ്റ്റേഷൻചെയ്യുന്നതിനു് ഇപ്പോൾ സാമ്പത്തികമായി വലിയ പ്രയാസമുള്ളതുകൊണ്ടു് സാധിക്കുകയില്ല.

ശ്രീ. ഈ. പി. ഗോപാലൻ : ഇപ്പോൾ മദ്യനിരോധന ലംഘന കേസ്സുകൾ കണ്ടുപിടിക്കുന്നതിനു് എക്സൈസ് ഡിപ്പാർട്ടുമെൻറിലെ ഫ്ളൈയിംഗ് സ്ക്വാഡും, പോലീസ് ഡിപ്പാർട്ടുമെൻറിലെ മൊബൈൽ സ്ക്വാഡും ഒരേസമയത്തു് പ്രവർത്തിക്കുന്നതുകൊണ്ടു് വളരെ വിഷമതകളുണ്ടാകുന്നുണ്ടു്, അതായതു് ഒരു കൂട്ടർ കണ്ടുപിടിക്കാൻ ശ്രമിക്കുമ്പോൾ മറ്റേകൂട്ടർ

LIBRARY ARCHIVES Kerala Legislative Assembly

അതിനെ തടയാൻ ശ്രമിക്കുന്നതായിട്ടുള്ള വല്ല ആക്ഷേപവും ജില്ലാ ഉപദേശക സമിതി ഗവണ്മെൻറിലേയ്ക്ക് അറിയിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ ഗവണ്മെൻറ് അതിന്മേൽ എന്തു പരിഹാരനടപടിയെടുത്തിട്ടുണ്ട് എന്നു പറയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : പോലീസ് ഡിപ്പാർട്ടുമെൻറിലെ മൊബൈൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നുണ്ട്. പഴയ മലബാർ ഡിസ്ട്രിക്ടിലും തിരുവനന്തപുരത്തുമാണ്. എക്സൈസ് ഡിപ്പാർട്ടുമെൻറിലെ ഫ്ളൈയിംഗ് സ്ക്വാഡുകളും മദ്യനിരോധനമേഖലകളിലും പിന്നെ അത്യാവശ്യമെന്നുതോന്നുന്ന പ്രദേശങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. രണ്ടുകൂട്ടരും യോജിച്ച രീതിയിൽത്തന്നെയാണ് പ്രവർത്തനം നടത്തുന്നത്.

ശ്രീമതി കെ. ആർ. ഗൗരി : മദ്യനിരോധന ലംഘന കേസ്സുകളിൽ ശിക്ഷിക്കപ്പെട്ടവരിൽ സ്ത്രീകളാണോ കൂടുതൽ, പുരുഷന്മാരാണോ കൂടുതൽ ?

ശ്രീ കെ. ടി. അച്യുതൻ : പ്രത്യേകം ചോദ്യം ചോദിക്കണം. എന്നാലും പുരുഷന്മാരാണ് കൂടുതലെന്നു തോന്നുന്നു.

ശ്രീ. കെ. കൃഷ്ണൻ : മദ്യനിരോധന ലംഘന കേസ്സുകളും കണ്ടുപിടിക്കുന്നതിനു് ഓരോ ഡിസ്ട്രിക്ടിലും ഉപദേശക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ? പാലക്കാട്ട് ഡിസ്ട്രിക്ടിൽ ഇത്തരം കമ്മിറ്റി രൂപീകരിച്ചതായിട്ടറിയുന്നുണ്ട് ?

ശ്രീ. കെ. ടി. അച്യുതൻ : ഓരോ ഡിസ്ട്രിക്ടിലും ഇപ്പോഴത്തന്നെ ഓരോ കമ്മിറ്റികളുണ്ട്. ആ കമ്മിറ്റിയിലെ അംഗങ്ങളുടെ മദ്യനിരോധന ലംഘനത്തെക്കുറിച്ചുള്ള വിവരങ്ങളും കിട്ടുകയാണെങ്കിൽ അതു് ഫ്ളൈയിംഗ് സ്ക്വാഡിനെ അറിയിക്കാറുണ്ട്.

ശ്രീ. ആർ. സുഗതൻ : മദ്യനിരോധനമേഖലകളിൽ കടിച്ചുകൊണ്ടു നടക്കുന്ന ആളുകളെ പിടിക്കുന്നതുപോലെ മദ്യം വ്യാജമായി വാറ്റുന്ന കേസ്സുകളും കണ്ടുപിടിക്കുന്നുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ: രഹസ്യമായി എവിടെയെങ്കിലും മദ്യം വാറ്റുന്നുണ്ടെന്നു് അറിയുകയാണെങ്കിൽ ഫ്ളൈയിംഗ് സ്ക്വാഡുകളും അവിടെചെന്നു് അതിനുവേണ്ടി ഉപയോഗിക്കുന്ന സാധനങ്ങളോടുകൂടി പിടിച്ചെടുക്കുന്നുണ്ട്.

ശ്രീ. ഒ. കോരൻ : എത്ര പോലീസുകാരുടെ പേരിൽ മദ്യനിരോധന മേഖലയിൽവച്ചു് മദ്യപിച്ചതിനു് കേസ്സുകളും എടുത്തിട്ടുണ്ടെന്നു് പറയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : പ്രത്യേകം ചോദ്യം ചോദിക്കണം.

Mohsin Bin Ahmed : Prohibition is enforced in the Travancore-Cochin a ea by the Excise Department and in the Malabar area by the Police Depar ment. I would like to know in which of the two par.s it is being st.ictly enforced?

Shri K. T. Achuthan : Now the conditions with regard to Travancore-Cochin a.ea and the Malabar area are almost the same.

ശ്രീമതി കെ. ആർ. ഗൗരി : മദ്യനിരോധന മേഖലകളിൽ നിയമിച്ചിട്ടുള്ള അഡൈ്വസറി ബോർഡിനെ പിരിച്ചുവിട്ടതു് ഉടനെ തിരിച്ചുവിളിക്കുന്നുണ്ടെന്നു് കഴിഞ്ഞപ്രാവശ്യം എൻറെ ഒരു ചോദ്യത്തിനു മറുപടിയായി പറഞ്ഞു. എന്നാൽ ഒരു മാസം കഴിഞ്ഞിട്ടും അതിൻറെ മെമ്പറന്മാർ ആവശ്യപ്പെട്ടിട്ടും ആ കമ്മിറ്റി വിളിച്ചുകൂട്ടാതിരിക്കാനുള്ള പ്രത്യേകം കാരണമെന്താണെന്നുപറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. അച്യുതൻ : ആറുമാസത്തിലൊരിക്കൽ കമ്മിറ്റി കൂടണമെന്നാണ് വ്യവസ്ഥ ഉടനെതന്നെ ആ കമ്മിറ്റിയെ വിളിച്ചുകൂട്ടുന്നതാണ്. അല്ലാതെ വിളിച്ചുകൂട്ടാതിരിക്കുന്നതിന് പ്രത്യേക കാരണമൊന്നുംതന്നെയില്ല.

ശ്രീ. പി. ഗോപാലൻ : തൃശ്ശൂർ ഡിസ്ട്രിക്റ്റിലുള്ള ഒരു പ്രമുഖ വ്യക്തിയുടെ വീട്ടിൽ നിന്നും രണ്ടായിരം ഗ്യാലൻ വാറ്റുചാരായം ഫ്ളയിംഗ് സ്ക്വാഡുകാർ കണ്ടുപിടിച്ചതായി പത്രങ്ങളിലെല്ലാം റിപ്പോർട്ടുവരികയുണ്ടായി. എന്നാൽ അതിന്റെ പേരിൽ കേസ്സെടുക്കാതെ തേച്ചുമാച്ചുകളഞ്ഞതായിട്ടറിയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഏതു കേസ്സാണെന്നു പ്രത്യേകം പറയാതെ മറുപടി പറയാൻ നിവൃത്തിയില്ല.

പ്രൈമറി ഹെൽത്തു് സെൻറുകൾ

* 861. [2] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ വർഷത്തിൽ എത്ര പ്രൈമറി ഹെൽത്തു് സെൻറുകൾ പുതുതായി ആരംഭിച്ചിട്ടുണ്ടു് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

പതിനൊന്നു്.

ശ്രീ. പി. സി. രാഘവൻ നായർ : എൻ. ഈ. എസ്സു്. ബ്ലോക്കു് ഏരിയായിലും നാൺബ്ലോക്കു് ഏരിയായിലും പുതിയതായി പ്രൈമറി ഹെൽത്തു് സെൻറർ തുടങ്ങുന്നതിനുള്ള ബാദ്ധ്യതകളെന്തെല്ലാമാണെന്നു പറയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : നാൺ ബ്ലോക്കു് ഏരിയായിൽ തുറക്കുന്ന പ്രശ്നമേ വരുന്നില്ല. ബ്ലോക്കു് ഏരിയായിൽ പ്രൈമറി ഹെൽത്തു് സെൻറർ സ്ഥാപിക്കുന്നതിനു മുമ്പു 25 ശതമാനം ലോക്കൽ കാൺട്രിബ്യൂഷനായി കിട്ടണം. പിന്നെ അതു് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ഫ്രീയായിട്ടു് കിട്ടണം.

ശ്രീ. ഈ. പി. ഗോപാലൻ : പ്രൈമറി ഹെൽത്തു് സെൻറർ ബ്ലോക്കു് ഏരിയായിൽ തുടങ്ങുന്നതു് അതിലുള്ള പ്രൊവിഷനനുസരിച്ചാണെന്നു പറഞ്ഞു. ഒരു എൻ. ഈ. എസ്സു്. ബ്ലോക്കിന്റെ കാലാവധി 5 കൊല്ലമാണു്. പല എൻ. ഈ. എസ്സു്. ബ്ലോക്കിലും പ്രൈമറി ഹെൽത്തു് സെൻറർ തുടങ്ങുന്നതിനു് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ടു്. എന്നാൽ മൂന്നു കൊല്ലം കഴിഞ്ഞിട്ടും തുടങ്ങാതിരിക്കുന്നവ എത്രയുണ്ടെന്നു് പറയാമോ ? എൻ. ഈ. എസ്സു്. ബ്ലോക്കിന്റെ പ്രവർത്തനം തുടങ്ങി ഫസ്റ്റു സ്റ്റേജിൽ തന്നെ പ്രൈമറി ഹെൽത്തു് സെൻറർ ആരംഭിക്കുന്നതിനുള്ള നടപടികളെടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെ വളരെ താമസിച്ചു് തുടങ്ങിയിട്ടുള്ളവ ഒന്നുംതന്നെയില്ല. ഈ വർഷം പതിനൊന്നെണ്ണം തുടങ്ങിക്കഴിഞ്ഞു, ഇനി ഇരുപതെണ്ണം കൂടി ആരംഭിക്കുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ടു്. ഇതിൽ പറഞ്ഞിട്ടുള്ള കണ്ടിഷൻസെല്ലാം ഉള്ളിടത്തു് പ്രൈമറി ഹെൽത്തു് സെൻറർ തുടങ്ങുന്നതിനു് കാലതാമസം വരികയില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : കോഴിക്കോട്ടു ജില്ലയിലുള്ള തോടന്നൂർ എൻ. ഈ. എസ്സു്. ബ്ലോക്കിൽ പ്രൈമറി ഹെൽത്തു് സെൻറർ പുതിയതായിട്ടു ആരംഭിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: പ്രത്യേകം ചോദ്യം ചോദിക്കണം.

LIBRARY ARCHIVES Kerala Legislative Assembly